
പനമറ്റം ഗവ.ഹയർ സെക്കന്ററി സ്കൂൾ



# അസിധാര

ഡിജിറ്റൽ മാഗസിൻ




**സ്റ്റുഡന്റ് എഡിറ്റർ**

സുദേവ് എസ്

**ചിത്രങ്ങൾ**

രോഹൻ രാജു

പ്രണവ് പ്രസാദ്

ഫർഹാൻ ഷുക്കൂർ

**മലയാളം ടൈപ്പിംഗ്**

വിശാഖ് സുരേഷ്

നിസാമുദ്ദീൻ മെഹബൂബ്

രോഹൻ രാജു

അജ്മൽ അൽ ഹമീദ്

വി വിനായക് ശങ്കർ

രേവതി എസ് നായർ

**ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ്**

ദാമോദരൻ

സാറാമ്മ എ ജെ







പനമറ്റം ഗവ.സ്കൂളിന്റെ ആദ്യ ഡിജിറ്റൽ മാഗസിൻ
അവതരിപ്പിക്കുന്നതിൽ


വളരെ സന്തോഷമുണ്ട് .ലിറ്റിൽ കൈറ്റ് ഐ റ്റി ക്ലബിന്റെ പ്രൊജക്റ്റിന്റെ
ഭാഗമായി ഇത് ചെയ്യാൻ പറ്റിയതിൽ ഞങ്ങൾ ആവേശത്തിലാണ്

.ആവശ്യമായ നിർദ്ദേശങ്ങൾ തന്ന മാസ്റ്റേഴ്സിനോടുള്ള നന്ദി
അറിയിച്ചുകൊണ്ട്
**അസിധാര**
സവിനയം സമർപ്പിക്കട്ടെ




## പേജുകൾ മറിക്കുമ്പോൾ


........................................4
........................................4
കവിത........................................5
എന്റെ ഗുരുനാഥൻ........................................5
കഥ........................................6
ബന്ധം... ബന്ധനം........................................6
അന്ന വി എം........................................6
തൂലികാനാമങ്ങൾ........................................7
അഭിജിത്ത് പി സി........................................7
കവിത........................................8
അമ്മ........................................8
റിസ്വാൻ റിയാസ്........................................8
ലേഖനം........................................9
ഓണം........................................9
പ്രണവ് കൃഷ്ണ........................................11
ചിത്രജാലകം........................................12



കവിത

# എന്റെ ഗുരുനാഥൻ

അറിവില്ലാത്തവർക്ക്
വെളിച്ചം പകരുന്ന
ഗുരുവാണ് എന്റെ ദൈവം

മലരിൽ നിറയുന്ന മധുവാണ്
എന്റെ ഗുരുനാഥൻ

അക്ഷരലോകത്തെ കനിവായി
തെളിയുന്ന സൂര്യനല്ലോ
എന്റെ ഗുരുനാഥൻ

മനസ്സിന്റെ ഇരുൾ മാറ്റി
മനസ്സിൽ തെളിയുന്ന സൂര്യനാണ്
എന്റെ ഗുരുനാഥൻ



പാടുന്ന പാട്ടിലും
പാഴ്മുളം തണ്ടിലും
പാലാഴി ആണ്
എന്റെ ഗുരുനാഥൻ

പറഞ്ഞാൽ തീരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പതിവായി തെളിയും
എന്റെ ഗുരുനാഥൻ

ആർദ്ര സജു
VII B



**കഥ**



## ബന്ധം... ബന്ധനം

ചുവന്ന സന്ധ്യ, അസ്തമയത്തിന് ഇനി നിമിഷങ്ങൾ മാത്രം കാറ്റിൽ താഴേക്ക് വീഴുന്ന പഴുത്ത ഇലകൾ ...അതുകണ്ട് മുകളിൽ ഒരു കൂട്ടം പച്ചിലകൾ ആർത്തുചിരിച്ചു... അഹന്തയോടെ... ആർത്താർത്ത് ...ഒടുവിലത്തെ ചിരിയും ബാക്കിയാവും വരെ .

എത്ര തടുത്തിട്ടും ആ സത്യം ഒടുവിൽ പഴുത്തിലയായ് കൊഴിഞ്ഞുവീണു .വാർദ്ധക്യം... ഇപ്പോൾ ഓർമ്മകൾക്ക് സഞ്ചാര വേഗം കുറയുന്നു .കാഴ്ചകൾക്കെല്ലാം പണ്ടത്തെ തെളിവില്ല .പീളകെട്ടിയ കണ്ണുകൾ മുറുക്കെ ചുറ്റും പരതി , എന്നിട്ടും എല്ലാ കാഴ്ചകളും അവ്യക്തം .ഒടുവിലെപ്പോഴോ യാഥാർത്ഥ്യത്തെ ചുളിഞ്ഞ കൈവിരലുകളാൽ ചേർത്തുപിടിച്ചു ആരും ആരുമറിയാതെ ഇപ്പം വിറയലോടെ പറയാതെ പോയ വാക്കുകളും കരയാതെ പോയ കണ്ണീരുമാണ് ഇപ്പോൾ വാർദ്ധക്യം .എങ്കിലും ഒന്ന് ചോദിച്ചെങ്കിൽ "എന്തേ വയ്യേ വേദനിക്കുന്നുവോ". എല്ലാം തോന്നൽ മാത്രം ചുറ്റുമുള്ള എല്ലാവരും ഓടിക്കൊണ്ടേയിരിക്കുന്നു .പരസ്പരം



എന്തക്കയോ സംസാരിക്കുന്നു .ഭൂമി മുഴുവൻ തിരിയുന്ന പോലെ .സഹിക്കാനാവാത്ത ഏകാന്തത .കാത്തിരിപ്പ് ജീവിതത്തിന്റെ ആശങ്കകൾ ,വേവലാതികൾ ,എല്ലാം ഒതുക്കി അവർ കാത്തിരിക്കുന്നു .ഉമ്മറപ്പടി നോക്കി കടന്നുവരുന്ന ഓരോ അതിഥിക്കും വേണ്ടി . തങ്ങളുടെ പ്രിയപ്പെട്ടവർ ആണെന്ന് പ്രതീക്ഷയിൽ

**അനു വി എം**

VIII B




# ജൂലികാനാമങ്ങൾ

കേരള കാളിദാസൻ  -കേരളവർമ്മ വലിയകോയിത്തമ്പുരാൻ

കേരള വ്യാസൻ  -കുഞ്ഞിക്കുട്ടൻതമ്പുരാൻ

വാനമ്പാടി -മേരി ജോൺ കൂത്താട്ടുകുളം

ഒളപ്പമണ്ണ -സുബ്രഹ്മണ്യൻ നമ്പൂതിരി

ഇടശ്ശേരി- ഗോവിന്ദൻ നായർ

ഓ എൻ വി കുറുപ്പ് -ഓ എൻവേലുക്കുറുപ്പ്

കടമ്മനിട്ട -കടമ്മനിട്ട രാമകൃഷ്ണൻ

അക്കിത്തം- അക്കിത്തം അച്യുതൻനമ്പൂതിരി

എൻ കെ ദേശം -കുട്ടികൃഷ്ണൻ പിള്ള

ഉറൂബ് -പിസി കുട്ടികൃഷ്ണൻ

എസ് കെ പൊറ്റക്കാട് -ശങ്കരൻകുട്ടി

വിലാസിനി - എം കെ മേനോൻ

ഇന്ദുചൂഡൻ -കെ കെ നീലകണ്ഠൻ

ഏകലവ്യൻ -കെഎം മാത്യു

ദേശാഭിമാനി -രാമകൃഷ്ണപിള്ള

സഞ്ജയൻ -എം ആർ നായർ

അഭിജിത്ത് പി സി

**IX A**



## കവിത

### അമ്മ

എൻ  മുഖം  കാണും  മുൻപേ
എൻ ശബ്ദം കേള്ക്കും  മുൻപേ
എൻ ഗുണങ്ങളറിയും  മുൻപേ
എന്നെ സ്നേഹിച്ചരുന്ന ഹൃദ്യമാണ്എന്നമ്മ
എന്നെ സ്നേഹിച്ചൊരു ഹൃദയമണ്ണീനാമ്മ

മക്കൾ തൻ മുഖമെന്നു
വാടുമ്പോൾ വാരിയെട്ടു
തൻമലർച്ചുണ്ടുകളാൽ
ഉമ്മവച്ചിടുമ്മ

കാലൊന്നു തെറ്റീട്ടുപോൽ
ഓടിയരികത്തെത്തും
കണ്ണുംമുൻനിരയാബോൾ
ആരൊക്കെ  വെറുത്താലും

ആരൊക്കെ മറന്നാലും
എന്നെ സ്നേഹികുന്നരു-
നഗ്രഹമാണന്നമ്മ
കണ്ണുനീർ തടിച്ചിടും



റിസ്വാൻ റിയാസ്

9B






## ഓണം

**കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ഏറ്റവും വലിയ ഉൽസവങ്ങളിൽ ഒന്നാണ് ഓണം.ഇത് വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്.ഈ ഉത്സവം ഉല്ലാസത്തിന്റെയും ആവേശത്തിന്റെയും ഉജ്ജ്വലമായ പ്രകടനം കൂടിയാണ്. മഹാബലി ചക്രവർത്തിയെ സ്വാഗതം ചെയ്യുന്നതിന്റെ ഭാഗമായാണ് ഓണം പ്രധാനമായും ആഘോഷിക്കുന്നത്.**

കേരളത്തിലെ ജനങ്ങൾ മലയാള കലണ്ടർ പിന്തുടരുന്നു, കൊല്ലവർഷം എന്നാണിത് അറിയപ്പെടുന്നത്. മലയാളകലണ്ടറിലെ ആദ്യ മാസമായ ചിങ്ങത്തിൽ ഓണം ആഘോഷിക്കുന്നു. അതായത് ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഓണം യഥാക്രമം ആഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ ആഘോഷിക്കപ്പെടുന്നു.



ആദ്യദിനത്തെ അത്തമെന്നും പത്താം ദിവസത്തെ തിരുവോണമെന്നും പറയുന്നു.മറ്റു ദിവസങ്ങളെ

അപേക്ഷിച്ച ഈ രണ്ടു ദിവസവും ഓണത്തിന് വളരെ പ്രധാനപ്പെട്ടതാണ്. ഈ പത്തു ദിവസവും കേരളത്തിലെ ജനങ്ങൾ അവരുടെ സംസ്കാരവും പാരമ്പര്യവും അവതരിപ്പിച്ചത് കണ്ടിട്ടാണ് 1961 ൽ ഓണത്തെ കേരളത്തിലെ ദേശീയഉത്സവമായി പ്രഖ്യാപിച്ചത്.

വിശാലമായ ആഘോഷങ്ങൾ, മനോഹരവുമായ നാടൻ പാട്ടുകൾ,ഗംഭീരമായ നൃത്തരൂപങ്ങൾ, ആവേശകരമായ കളികൾ,തലയെടുപ്പുള്ള ആനകൾ, ബോട്ടുകൾ, പുഷ്പങ്ങൾ എന്നിവ വിളവെടുപ്പുത്സവമായ ഓണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളാണ്. ഇന്ത്യൻ സർക്കാർ ഈ ഉത്സവത്തെ ആദരിക്കുന്നുവെങ്കിലും ലോകം മുഴുവൻ വ്യാപിപ്പിക്കുന്നതിൽ പരാജയപ്പെട്ടു.സർക്കാർ 'ടൂറിസ്റ്റ് വീക്ക്' എന്ന പേരിൽ ഇത് ആഘോഷിക്കുന്നു.ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികൾ ഓണത്തിന്റെ സുപ്രധാന ഭാഗമാകാൻ കേരളത്തിൽ എത്തുന്നു.



അസുരചക്രവർത്തിയ മഹാബലി കേരളം ഭരിച്ചിരുന്നപ്പോൾ ഇവിടെ സുവർണ്ണകാലമായിരുന്നു.ഇവിടെ ജീവിച്ചിരുന്ന എല്ലാവരും സന്തോഷത്തിലും അഭിവൃദ്ധിയിലുമായിരുന്നു.രാജാവ് തന്റെ പ്രജകളെയെല്ലാം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.



സദ്ഗുണങ്ങളും ദാനശീലവും മഹാബലിയെ പ്രസിദ്ധനും ബഹുമാന്യനമാക്കി.അദ്ദേഹത്തിന്റെ ഏറ്റവും വലിയ ദൗർബല്യം അഹങ്കാരമായിരുന്നു.ദൈവങ്ങൾ ഈ കുറവ് ഉപയോഗപ്പെടുത്തി അദ്ദേഹത്തിന്റെ ഭരണം അവസാനിപ്പിക്കാൻ ശ്രമിച്ചു.



രാജാവിന്റെ ദീർഘകാലഭരണത്തെ ദൈവങ്ങൾ വെല്ലുവിളിച്ചു തുടങ്ങി. എന്നിരുന്നാലും മഹാബലിയുടെ എല്ലാ നല്ല കാര്യങ്ങളും നന്മകളും പ്രസിദ്ധമായിരുന്നതിനാൽ അദ്ദേഹത്തിന് ഒരു വരം ലഭിക്കുകയും ചെയ്തു. എല്ലാവർഷവും തന്റെ പ്രജകളെ സന്ദർശിക്കാനുള്ള വരം മഹാബലിക്ക് ലഭിച്ചു.മഹാനായ ചക്രവർത്തിയുടെ വരവിനെ സ്വാഗതം ചെയ്യാൻ കേരളത്തിൽ എല്ലാ വർഷവും ഓണം ആഘോഷിക്കുന്നു.എല്ലാ വിധത്തിലും ഭംഗിയായി ഓണം ആഘോഷിച്ചു രാജാവിനെ പ്രീതിപ്പെടുത്താൻ കേരളത്തിലെ ജനങ്ങൾ ശ്രമിക്കുന്നു


കേരളത്തിലെ സംസ്കാരവും പൈതൃകവും പ്രസിദ്ധമാണ്.ഓണ സമയത്തു ജനങ്ങൾ പാരമ്പര്യവും സംസ്കാരവും മികച്ച രൂപത്തിൽ അവതരിപ്പിക്കുന്നു. ഈ ഉത്സവത്തിന്റെ ഭാഗമായിത്തീരുന്ന ആളുകൾക്ക് അവരുടെ ഏറ്റവും മികച്ച അനുഭവങ്ങളിലൊന്നായിരിക്കും ഇത്. ഓണം വൻ വിജയമാക്കാൻ സംസ്ഥാനത്തു ജനങ്ങൾ വിപുലമായ തയ്യാറെടുപ്പുകൾ നടത്തുന്നു.പത്തുദിവസം നീണ്ടു നിൽക്കുന്ന കേരളത്തിലെ വിളവെടുപ്പുത്സവിന്റെ ഭാഗമാകാൻ ലോകമെമ്പാടുമുള്ള ജനങ്ങൾ സ്നേഹത്തോടെ കാത്തിരിക്കുന്നു


**പ്രണവ് കൃഷ്ണ**

IX B



# വര










# നന്ദി

**അസിധാര പൂർണ്ണമാക്കാൻ**

**സഹായിച്ച ചങ്ങാതിമാർക്കും**

**മാഷുംമാർക്കും**

**സുദേവ് എസ്**